1
2022
ജൂൺ
ബുധൻ
ഇടവം 18

NAUTICAL TIMES
KERALA
The National Daily in Malayalam / English
നോട്ടിക്കൽ ടൈംസ്
കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391




തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-4, Issue No. 15 Page 4, Price: Rs. 2 പുസ്തകം-4 ലക്കം-15 പേജ് 4. വില 2.00 രൂപ

02 പതിനാലാം പദ്ധതി സബ്സിഡി മാർഗരേഖയായി
03 സർക്കാരിന്റെ ഒന്നാം വാർഷികാഘോഷം 2ന് മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും
04 ഏഷ്യ കപ്പ്: ഇന്ത്യ ഫൈനൽ കാണാതെ പുറത്ത്

# തൃക്കാക്കര; 68.75 ശതമാനം പോളിങ്

കൊച്ചി: ഒരു മാസത്തിലേറെ നീണ്ട ഉദ്വേഗങ്ങൾക്ക് ഒടുവിൽ വിധിയെഴുതി തൃക്കാക്കര. പോളിങ് സമയം പൂർത്തിയായപ്പോൾ 68.75 ശതമാനം പേർ വോട്ട് ചെയ്തു. 1,96,805 വോട്ടർമാരിൽ 1,35,320 പേരാണ് വോട്ടു ചെയ്തത്. ഇനി വെള്ളിയാഴ്ച വരെ ഫലം അറിയാനുള്ള കാത്തിരിപ്പാണ്.

മഴ മാറിനിന്നതിനാൽ രാവിലെമുതൽ കനത്ത പോളിങ്ങായിരുന്നു തൃക്കാക്കരയിൽ. മമ്മൂട്ടി ഉൾപ്പെടെയുള്ള സിനിമാ താരങ്ങളും രാവിലെത്തന്നെ വോട്ടുചെയ്യാനെത്തി.

എൽഡിഎഫ് സ്ഥാനാർഥി ജോ ജോസഫ് വാഴക്കാലയിലെ 140 ാം നമ്പർ ബൂത്തിലും യുഡിഎഫ് സ്ഥാനാർഥി ഉമ തോമസ് പാലാരിവട്ടം പൈപ്പ്ലൈൻ ജംക്ഷനിലെ ബൂത്ത് 50ലും വോട്ടു രേഖപ്പെടുത്തി.



വോട്ടെടുപ്പ് ആരംഭിച്ച രാവിലെ മുതൽ കനത്ത പോളിങ്ങാണ് തൃക്കാക്കരയിൽ രേഖപ്പെടുത്തിയത്. മണ്ഡലത്തിലുടനീളം ബൂത്തുകളിൽ വോട്ടർമാരുടെ നീണ്ട നിര ദൃശ്യമായിരുന്നു. പോളിങ് ശതമാനം ഉയരുന്നത് തങ്ങൾക്ക് അനുകൂലമാണെന്നാണ് മൂന്ന് മുന്നണികളും അവകാശപ്പെട്ടത്. ഇതിനിടെ കള്ളവോട്ടിന് ശ്രമിച്ചയാൾ പിടിയിലായി.

പിറവം പാമ്പാക്കുട സ്വദേശി ആൽവിനാണ് പിടിയിലായത്. പൊന്നുരുന്നി സ്വദേശി ടി.എം. സഞ്ജുവിന്റെ പേരിലുള്ള വോട്ട് രേഖപ്പെടുത്താനായിരുന്നു ആൽവിന്റെ ശ്രമം. പൊന്നുരുന്നി സ്കൂളിൽ സജ്ജമാക്കിയ 66ാം നമ്പർ ബൂത്തിലാണ് കള്ളവോട്ടിന് ശ്രമിച്ചെന്ന ആരോപണത്തിൽ ആൽവിനെ കടവന്ത്ര പോലീസ് കസ്റ്റഡിയിൽ എടുത്തത്.

സഞ്ജു ടി.എം. എന്ന് അവകാശപ്പെട്ട ആൽവിനോട് പേരിനൊപ്പമുള്ള ടി.എം. എന്താണെന്ന് വിശദീകരിക്കാനും മാതാപിതാക്കളുടെ പേരു പറയാനും പോലീസ് ആവശ്യപ്പെട്ടു. എന്നാൽ ആൽവിന് ഇത് ശരിയായി പറയാൻ കഴിഞ്ഞില്ല. ഇതോടെ എത്തിയയാൾ സഞ്ജു അല്ലെന്ന് പോലീസിന് ബോധ്യപ്പെടുകയായിരുന്നു. കള്ളവോട്ട് ശ്രമത്തിന് പിന്നിൽ എൽ.ഡി.എഫ്. ആണെന്നാണ് എൻ.ഡി.എ, യു.ഡി.എഫ് പ്രവർത്തകരുടെയും ഏജന്റുമാരുടെയും ആരോപണം.

# സാമ്പത്തിക വളർച്ച 8.7 ശതമാനം; മാന്ദ്യമില്ലെന്ന് കേന്ദ്രം

ന്യൂഡൽഹി: 202122 സാമ്പത്തിക വർഷത്തിൽ രാജ്യത്തിൻറെ സാമ്പത്തിക വളർച്ച 8.7 ശതമാനം ഉയർന്നെന്ന് കേന്ദ്രം. കഴിഞ്ഞ വർഷത്തേക്കാൾ മൊത്ത ആഭ്യന്തര ഉദ്പാദനത്തിൽ വളർച്ച കൈവരിക്കാനായെന്ന് നാഷണൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ് പുറത്തുവിട്ട കണക്കുകൾ വ്യക്തമാക്കുന്നു. 202021ൽ ജിഡിപി .6 ശതമാനമായിരുന്നു. 202122ൽ 8.9 ശതമാനം സാമ്പത്തിക വളർച്ചയാണ് പ്രതീക്ഷിച്ചത്. അവസാന പാദത്തിൽ വളർച്ച ഇടിഞ്ഞത് ക്ഷീണമായി. മൂന്നാം പാദത്തിൽ 5.4 ശതമാനവും നാലാം പാദത്തിൽ 4.1 ശതമാനവുമായിരുന്നു വളർച്ച. രാജ്യത്ത് സാമ്പത്തിക മാന്ദ്യത്തിൻറെ ലക്ഷണങ്ങളില്ലെന്നും അവസാനപാദത്തിലെ വളർച്ച കുറയാൻ കാരണം ഒമിക്രോൺ ഭീഷണിയാണെന്നും മുഖ്യ സാമ്പത്തിക ഉപദേഷ്ടാവ് വി. അനന്ത നാഗേശ്വരൻ പറഞ്ഞു.




# കള്ളവോട്ടിന് ശ്രമം; ഒരാൾ അറസ്റ്റിൽ

കൊച്ചി: ഉപതെരഞ്ഞെടുപ്പ് പോളിംഗ് പുരോഗമിക്കുന്നതിനിടെ കള്ളവോട്ട് ചെയ്യാനെത്തിയ ആളെ പോലീസ് അറസ്റ്റ് ചെയ്തു. പൊന്നുരുന്നി ക്രിസ്ത്യൻ കോൺവെൻറ് സ്കൂളിലെ ബൂത്തിലാണ് നാട്ടിലില്ലാത്ത ആളുടെ പേരിൽ മറ്റൊരാൾ വോട്ട് ചെയ്യാൻ എത്തിയത്. കടവന്ത്ര പോലീസ് കസ്റ്റഡിയിൽ എടുത്തയാളെ ചോദ്യം ചെയ്തു വരികയാണ്. ഉച്ചയോടെയായിരുന്നു സംഭവം. കോൺവൻറ് സ്കൂൾ ബൂത്തിലെ വോട്ടറായ സഞ്ജു എന്നയാൾ നാട്ടിൽ ഉണ്ടായിരുന്നില്ല. കോൺഗ്രസ് പ്രവർത്തകനായ ഇയാളുടെ വോട്ട് ചെയ്യാൻ എത്തിയ സിപിഎം പ്രവർത്തകനാണ് പിടിയിലായതെന്നാണ് കോൺഗ്രസ് പ്രാദേശിക നേതൃത്വത്തിൻറെ ആരോപണം. സ്ഥലത്തില്ലാത്തയാൾ വോട്ട് ചെയ്യാൻ തിരിച്ചറിയൽ രേഖയുമായി എത്തിയതോടെ യുഡിഎഫിൻറെ ബൂത്ത് ഏജൻറ് ചലഞ്ച് ചെയ്യുകയായിരുന്നു. തുടർന്നാണ് കള്ളവോട്ടിന് എത്തിയ ആളാണെന്ന് മനസിലാക്കി പോലീസിന് കൈമാറിയത്. ഉപതെരഞ്ഞെടുപ്പിൽ വ്യാപകമായി സിപിഎം കള്ളവോട്ടിന് ശ്രമം നടത്തുന്നുണ്ടെന്ന് യുഡിഎഫ് നേരത്തെ തന്നെ ആരോപണം ഉന്നയിച്ചിരുന്നു.

# സന്തോഷത്തോടെ സ്കൂളിലേക്ക് മടങ്ങാം; ആരോഗ്യത്തോടെ പഠിക്കാം: വീണാ ജോർജ്

തിരുവനന്തപുരം> കോവിഡിന്റെ ഇടവേളയ്ക്ക് ശേഷം സ്കൂളുകൾ പൂർണമായി തുറക്കുന്ന സമയത്ത് എല്ലാ വിദ്യാർത്ഥികൾക്കും ആരോഗ്യമന്ത്രി വീണാ ജോർജ് മികച്ച അധ്യയന വർഷം ആശംസിച്ചു. കോവിഡിന്റെ വ്യാപനം കുറഞ്ഞെങ്കിലും കരുതൽ ആവശ്യമാണ്. കുട്ടികളെ മാസ്ക് ധരിപ്പിച്ച് മാത്രം സ്കൂളിലേയ്ക്കയ്ക്കുക. രോഗലക്ഷണങ്ങളുള്ളവർ ആരും തന്നെ സ്കൂളിൽ പോകരുത്. കുട്ടികളുടെ ആരോഗ്യസ്ഥിതി അധ്യാപകരും രക്ഷിതാക്കളും ദിവസവും ശ്രദ്ധിക്കണം. വാക്സിനെടുക്കാൻ ശേഷിക്കുന്ന 12 വയസിന് മുകളിലുള്ള മുഴുവൻ കുട്ടികൾക്കും വാക്സിൻ നൽകണം. മഴക്കാലമായതിനാൽ പകർച്ചവ്യാധികൾ പകരാതിരിക്കാൻ ശ്രദ്ധിക്കണമെന്നും മന്ത്രി പറഞ്ഞു.

ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ന്ന മാസ്ക് ധരിക്കാതെ ആരും തന്നെ സ്കൂളിലെത്തരുത് ന്ന നനഞ്ഞതോ കേടായതോ ആയ മാസ്ക് ധരിക്കരുത് ന്ന യാത്രകളിലും സ്കൂളിലും ആരും മാസ്ക് താഴ്ത്തി സംസാരിക്കരുത്. ന്ന കൈകൾ വൃത്തിയാക്കാതെ കണ്ണ്, മൂക്ക്, വായ് എന്നിവ സ്പർശിക്കരുത്. പനി, ചുമ, ജലദോഷം, മൂക്കൊലിപ്പ്, തൊണ്ട വേദന തുടങ്ങിയ രോഗലക്ഷണങ്ങൾ ഉള്ളവരോ കോവിഡ് ബാധിച്ച ആരെങ്കിലും വീട്ടിലുള്ളവരോ ഒരു കാരണവശാലും സ്കൂളിൽ പോകരുത്. ന്ന അധ്യാപകരും ജീവനക്കാരും രണ്ട് ഡോസ് വാക്സിനും എടുത്തിരിക്കണം ന്ന 12 വയസിന് മുകളിലുള്ള എല്ലാ വിദ്യാർത്ഥികളും വാക്സിനെടുക്കേണ്ടതാണ് ന്ന മഴക്കാലമായതിനാൽ പകർച്ചവ്യാധികൾ ഉണ്ടാകാതെ ശ്രദ്ധിക്കണം ന്ന സ്കൂളും പരിസരവും വൃത്തിയായി സൂക്ഷിക്കുക ന്ന സ്കൂൾ പരിസരത്ത് വെള്ളം കെട്ടിൽക്കാൻ അനുവദിക്കരുത് ന്ന കൊതുകിന്റെ ഉറവിടം നശിപ്പിക്കാൻ മുൻ കൈയെടുക്കണം ന്ന വെള്ളിയാഴ്ചകളിൽ ഡ്രൈഡേ ആചരിക്കണം ന്ന പാഴ് വസ്തുക്കളും ആഹാര അവശിഷ്ടങ്ങളും വലിച്ചെറിയരുത് ന്ന തിളപ്പിച്ചാറ്റിയ വെള്ളം മാത്രം കുടിക്കാൻ കൊടുത്തുവിടുക

ടോയ്ലറ്റിൽ പോയതിന് ശേഷം കൈകൾ സോപ്പും വെള്ളവും അല്ലെങ്കിൽ സാനിറ്റൈസർ ഉപയോഗിച്ച് വൃത്തിയാക്കുക. വീട്ടിലെത്തിയ ശേഷം കൈകൾ സോപ്പിട്ട് കഴുകണം ന്ന എന്തെങ്കിലും രോഗലക്ഷണങ്ങളുണ്ടെങ്കിൽ വീട്ടിലെ പ്രായമായവരോടും അസുഖബാധിതരോടും അടുത്തിടപഴകരുത്. ന്ന കുട്ടികൾക്ക് പഠനത്തോടൊപ്പം മാനസിക പിന്തുണയും നൽകണം ന്ന മാതാപിതാക്കൾ കൂടുതൽ സമയം കുട്ടികളോടൊപ്പം സന്തോഷത്തോടെ കഴിയണം. എന്തെങ്കിലും ശാരീരികമോ മാനസികമോ ആയ ബുദ്ധിമുട്ടുകൾ അനുഭവപ്പെട്ടാൽ തൊട്ടടുത്ത ആരോഗ്യ പ്രവർത്തകരുമായോ ദിശ 104, 1056, 0471 2552056, 2551056 എന്നീ നമ്പരുകളിലോ, ഇ സഞ്ജീവനിയുമായോ ബന്ധപ്പെടേണ്ടതാണ്.

# മഹാരാഷ്ട്രയിൽ ആറ് കുട്ടികളെ അമ്മ കിണറ്റിലെറിഞ്ഞ് കൊന്നു

മുംബൈ : മഹാരാഷ്ട്രയിൽ കുടുംബവഴക്കിനെ തുടർന്ന് ആറ് കുട്ടികളെ അമ്മ കിണറ്റിലെറിഞ്ഞ് കൊന്നു.

തിങ്കളാഴ്ച്ച ഉച്ചയ്ക്ക് ശേഷമാണ് സംഭവമെന്ന് പൊലീസ് അറിയിച്ചു. ഭർതൃവീട്ടുകാരിൽ നിന്ന് ക്രൂര മർദ്ദനമേറ്റതിനെ തുടർന്നാണ് 30 വയസുകാരിയായ സ്ത്രീ ആറ് കുഞ്ഞുങ്ങളെ കിണറ്റിലെറിഞ്ഞ് കൊന്നത്.

മഹാരാഷ്ട്രയിലെ റായ്ഗഡ് ജില്ലയിലെ ഖാരാവലി ഗ്രാമത്തിലാണ് ദാരുണ സംഭവമുണ്ടായത്.മരിച്ച ആറ് കുട്ടികളിൽ അഞ്ച് പേരും പെൺകുട്ടികളാണ്.

18 മാസത്തിനും പത്ത് വയസിനുമിടയിൽ പ്രായമുള്ള കുട്ടികളാണ് മരിച്ചത്.

# രാജ്യത്ത് കോവിഡ് കൂടുന്നു; 24 മണിക്കൂറിനിടെ 2,706 പേർക്ക് രോഗബാധ

ന്യൂഡൽഹി: രാജ്യത്ത് കോവിഡ് ബാധിതരുടെ കേസുകൾ വർധിക്കുന്നു. കഴിഞ്ഞ 24 മണിക്കൂറിനിടെ 2,706 പേർക്കാണ് രോഗം സ്ഥിരീകരിച്ചത്. ഇതോടെ രാജ്യത്ത് സജീവമായ കോവിഡ് കേസുകളുടെ എണ്ണം 17,698 ആയി ഉയർന്നതായി കേന്ദ്ര ആരോഗ്യമന്ത്രാലയം അറിയിച്ചു.

രാജ്യത്തെ മൊത്തം പോസിറ്റീവ് കേസുകളുടെ 0.04 ശതമാനമാണ് ഇപ്പോൾ സജീവ കേസുകൾ. പുതിയതായി 2,070 പേർ രോഗമുക്തരാകുകയും ചെയ്തു. കഴിഞ്ഞ 24 മണിക്കൂറിനിടെ കോവിഡ് ബാധിച്ച് 25 പേർ കൂടി മരിച്ചതോടെ ആകെ മരണസംഖ്യ 5,24,611 ആയി ഉയരുകയും ചെയ്തു.

# മാനസികാരോഗ്യ കേന്ദ്രത്തിൽ നിന്നും ചാടിപ്പോയ പ്രതി വാഹനാപകടത്തിൽ മരിച്ചു

കോഴിക്കോട്: കുതിരവട്ടം മാനസികാരോഗ്യ കേന്ദ്രത്തിൽ നിന്നും രക്ഷപെടാൻ ശ്രമിക്കുന്നതിനിടെ അപകടത്തിൽപ്പെട്ട് ഗുരുതര പരിക്കേറ്റ അന്തേവാസി മരിച്ചു.

കൽപ്പകഞ്ചേരി സ്വദേശി മുഹമ്മദ് ഇർഫാൻ (23) ആണ് മരിച്ചത്. സ്പൂൺ ഉപയോഗിച്ച് ശുചിമുറിയുടെ ഭിത്തി തുരന്ന് രാത്രി 12.30 ഓടെയാണ് മുഹമ്മദ് ഇർഫാൻ രക്ഷപെട്ടത്. റിമാൻഡ് തടവുകാരനായിരുന്നു ഇയാൾ. രക്ഷപ്പെട്ട് പോകുന്നതിനിടെ മലപ്പുറത്തുവച്ച് അപകടത്തിൽപ്പെട്ട് ഇയാൾക്ക് ഗുരുതര പരിക്കേറ്റിരുന്നു. തുടർന്ന് ഇയാളെ കോട്ടയ്ക്കൽ ആശുപത്രിയിൽ പ്രവേശിപ്പിച്ചിരുന്നു. ചികിത്സയിൽ കഴിയുന്നതിനിടെയാണ് അന്ത്യം. ബുള്ളറ്റ് മോഷ്ടിച്ച് രക്ഷപ്പെടാനായിരുന്നു ഇയാളുടെ ശ്രമം. കോട്ടയ്ക്കലിൽ വച്ച് മറ്റൊരു വണ്ടിയെ മറികടക്കാൻ ശ്രമിക്കുന്നതിനിടെ ഇയാൾ ഓടിച്ച ബുള്ളറ്റ് ഡിവൈഡറിൽ തട്ടി മറിഞ്ഞ് പരിക്കേൽക്കുകയായിരുന്നു. നിരവധി മോഷണ കേസിലെ പ്രതിയായ ഇയാളെ ജില്ലാ ജയിലിൽ ആയിരുന്നു പാർപ്പിച്ചിരുന്നത്. മാനസിക അസ്വാസ്ഥ്യം പ്രകടിപ്പിച്ചതിനെ തുടർന്നാണ് കുതിരവട്ടത്തേക്ക് മാറ്റിയത്.

# ചീമേനി ജാനകി കൊലപാതകം: പ്രതികൾക്ക് ജീവപരന്ത്യം ശിക്ഷ

കാസർകോട്: ചീമേനി പുലിയന്നൂരിൽ റിട്ട അധ്യാപിക ജാനകി(65)യെ കൊലപ്പെടുത്തിയ കേസിൽ പ്രതികൾക്ക് ജീവപര്യന്തം തടവ് . രണ്ട് പേരും ഒന്നേകാൽ ലക്ഷം രൂപ വീതം പിഴയടക്കണം . പുലിയന്നൂരിലെ മക്ലിക്കോട് അള്ളറാട് വീട്ടിൽ അരുൺ, പുലിയന്നൂർ ചീർക്കുളം പുതിയ വീട്ടിൽ വിശാഖ് എന്നിവരാണ് കുറ്റക്കാർ. ജാനകിയെ കഴുത്തറുത്ത് കൊലപെടുത്തി സ്വർണാഭരണം കവരുകയായിരുന്നു. വിവിധ വകുപ്പുകളിലായി 17 വർഷം കഠിന തടവാണുള്ളത്. ശിക്ഷ ഒരുമിച്ചനുഭവിച്ചാൽ മതി.



സ്കൂളുകൾ തുറക്കുന്നതിന് മുന്നോടിയായി സജ്ജീകരണങ്ങൾ വിലയിരുത്താൻ ജില്ലാ കലക്ടർ അഫ്സാന പർവീൺ സ്കൂൾ സന്ദർശനം നടത്തുന്നു

# പതിനാലാം പദ്ധതി സബ്സിഡി മാർഗരേഖയായി, സംരംഭങ്ങൾക്കും തൊഴിലിനും ഊന്നൽ: മന്ത്രി

പതിനാലാം പഞ്ചവത്സര പദ്ധതിക്കാലത്ത് ഗ്രാമബ്ലോക്ക്ജില്ലാ പഞ്ചായത്ത്നഗരസഭാ വാർഷിക പദ്ധതികളിൽ നൽകാവുന്ന സബ്സീഡി മാർഗരേഖ തയ്യാറായതായി തദ്ദേശ സ്വയം ഭരണ എക്സൈസ് വകുപ്പ് മന്ത്രി എം വി ഗോവിന്ദൻ മാസ്റ്റർ അറിയിച്ചു. തദ്ദേശ സ്ഥാപനതലത്തിൽ പ്രാദേശിക സാമ്പത്തിക വികസനത്തിന് ഊന്നൽ നൽകുന്നതാണ് ധനസഹായ നിർദ്ദേശങ്ങൾ. സബ്സിഡി ആനുകൂല്യങ്ങൾ ലഭിക്കുന്നതിനായുള്ള വരുമാന സർട്ടിഫിക്കറ്റ്, ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കുന്നതിനുള്ള വ്യവസ്ഥകൾ ഉദാരമാക്കുകയും ചെയ്തു.

തൊഴിൽ ദായക സംരംഭങ്ങൾ ആരംഭിക്കുന്നവരുടെ വരുമാനം പരിഗണിക്കാതെ ധനസഹായം നൽകും. സ്വയം തൊഴിൽ സംരംഭക പ്രൊജക്ടുകൾക്ക് ആനുകൂല്യം നൽകുന്നതിന്, സംരംഭകന്റെ വാർഷിക വരുമാന പരിധി അഞ്ച് ലക്ഷമായി ഉയർത്തി. പ്രാദേശികമായി സൃഷ്ടിക്കപ്പെടുന്ന പ്രത്യക്ഷ തൊഴിലുകൾ ലക്ഷ്യമിട്ട് സംരംഭകർക്ക് പലിശ സബ്സീഡി, ടെക്നോളജി കൈമാറ്റ ഫണ്ട്, ടെക്നോളജി അപ്ഗ്രഡേഷൻ ഫണ്ട്, ഇന്നവേഷൻ ഫണ്ട്, ക്രൈസിസ് മാനേജ്മന്റ് ഫണ്ട്, പുനരുജ്ജീവന ഫണ്ട്, ഇൻക്യുബേഷൻ ഫണ്ട്, സീഡ് സപ്പോർട്ട് ഫണ്ട് തുടങ്ങിയ നൂതന ആശയങ്ങളാണ് സബ്സീഡി മാർഗരേഖയിലുള്ളത്. അർഹരായവർക്ക് തൊഴിലും വരുമാനവും നേടുന്നതിന് ആവശ്യമായ നൈപുണ്യ പരിശീലനം നൽകുന്നതിന് ധനസഹായവും നൽകും. മൈക്രോ സംരംഭങ്ങൾ തുടങ്ങുന്നതിന് കുറഞ്ഞത് രണ്ട് പേരെങ്കിലുമുള്ള സംഘങ്ങൾക്ക് സബ്സീഡി ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടാകും.

വൃക്ക രോഗികൾക്ക് ആഴ്ചയിൽ 1000 രൂപ ക്രമത്തിൽ എല്ലാ മാസവും 4000 രൂപ നൽകുന്നതിന് അനുമതി നൽകി. പ്രത്യേക പരിഗണന അർഹിക്കുന്ന ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ധനസഹായം നൽകുന്നതിന് വരുമാന പരിധിയില്ല. ബഡ്സ് സ്കൂൾ സ്പെഷ്യൽ ടീച്ചർ, അസിസ്റ്റന്റ് ടീച്ചർ, ആയ, ഊരുകൂട്ട വോളണ്ടിയർമാർ മുതലായവരുടെ വേതനം വർദ്ധിപ്പിച്ചു. വയോജനങ്ങൾക്ക് വിവിധ സഹായ ഉപകരണങ്ങൾ സൗജന്യമായി നൽകും. വിദ്യാർത്ഥികളടക്കമുള്ള ശാരീരികമാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പും ബത്തയും നൽകുന്നതിനും തീരുമാനിച്ചു. പട്ടികവർഗ്ഗവിഭാഗങ്ങൾക്ക് വരുമാന പരിധി പരിഗണിക്കാതെ എല്ലാവിധ ആനുകൂല്യങ്ങളും നൽകും. വിവിധ ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള വാർഷിക വരുമാന പരിധി പൊതുവിഭാഗത്തിന് രണ്ട് ലക്ഷം രൂപയും പട്ടികജാതി വിഭാഗത്തിന് മൂന്ന് ലക്ഷം രൂപയുമായിരിക്കും. വരുമാന പരിധി പരിഗണിക്കാതെ പട്ടികജാതി വിഭാഗങ്ങൾക്ക് വിദ്യാഭ്യാസ ആനുകൂല്യം ഉറപ്പാക്കും. പട്ടികജാതിപട്ടിക വർഗ്ഗ വിഭാഗങ്ങളിലെ അഭ്യസ്ത വിദ്യരായ യുവജനങ്ങൾക്ക് രാജ്യത്തിനകത്തും വിദേശത്തും ജോലി നേടുന്നതിനായുള്ള പ്രവൃത്തി പരിചയം കരസ്ഥമാക്കുന്നതിന് സ്റ്റൈപ്പന്റ് നൽകിക്കൊണ്ട് പരിശീലനത്തിനുള്ള നിർദ്ദേശവും ഉത്തരവിലുണ്ട്.

പതിനാലാം പദ്ധതി നവകേരള സൃഷ്ടിക്കായി ശുചിത്വമാലിന്യ സംസ്കരണത്തിനും പ്രത്യേക ഊന്നൽ നൽകും. ഖരമാലിന്യ സംസ്കരണത്തോടൊപ്പം ദ്രവമാലിന്യ സംസ്കരണത്തിനും കൂടുതൽ ധനസഹായം ഉറപ്പാക്കും. വരുമാന പരിധി ബാധകമാക്കാതെ ഗാർഹിക ഖരമാലിന്യ സംസ്കരണ സംവിധാനങ്ങൾ സ്ഥാപിക്കാൻ എല്ലാവർക്കും സബ്സിഡി നൽകും. മാലിന്യ സംസ്ക്കരണ പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നതിനുള്ള സ്മാർട്ട് ഗാർബേജ് ആപ്പ് ഈ വർഷം തന്നെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും പ്രവർത്തനക്ഷമമാക്കും. സെപ്റ്റിക് ടാങ്ക് സ്ഥാപിക്കുന്നതിനും വരുമാന പരിധിയില്ലാതെ തന്നെ എല്ലാവർക്കും സഹായം നൽകും.

കൃഷിയുമായി ബന്ധപ്പെട്ട മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ അധിഷ്ഠിതമാക്കിയുള്ള സംരംഭങ്ങൾ, സംഭരണ കേന്ദ്രങ്ങൾ, വിപണന സൗകര്യങ്ങൾ എന്നിവ സ്ഥാപിക്കുന്നതിന് ധനസഹായം ലഭിക്കും. കാർഷിക മേഖലയിൽ ചെറുകിട നാമമാത്ര കർഷകർക്ക് വരുമാന പരിധി പരിഗണിക്കാതെ കൃഷിക്ക് സബ്സീഡി നൽകും. മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യം എന്നീ മേഖലകളിലെ ഉത്പാദന പ്രൊജക്ടുകൾക്ക് സബ്സീഡി ആനുകൂല്യം നൽകുന്നതിനുള്ള കുടുംബ വാർഷിക പരിധി അഞ്ച് ലക്ഷം രൂപയായിരിക്കും.

കേരളത്തിന്റെ സുസ്ഥിരമായ വികസനമാണ് പതിനാലാം പദ്ധതി വിഭാവനം ചെയ്യുന്നതെന്ന് മന്ത്രി എം വി ഗോവിന്ദൻ മാസ്റ്റർ പറഞ്ഞു. തൊഴിലവസരങ്ങൾ സൃഷ്ടിച്ചുകൊണ്ടുള്ള പ്രാദേശിക സാമ്പത്തികവികസനത്തിനാണ് ഇനി പ്രാധാന്യം നൽകുക. സാമൂഹ്യ വികസനരംഗത്ത് നാം ആർജ്ജിച്ച നേട്ടങ്ങൾ തുടരുന്നതിനും സുസ്ഥിരമായ സാമ്പത്തിക വളർച്ച ഉറപ്പാക്കുന്നതിനും ഊന്നൽ നൽകി പ്രവർത്തിക്കും. ഇതിനായി സമ്പദ് വ്യവസ്ഥയെ വിജ്ഞാനാധിഷ്ഠിതമായി വികസിപ്പിക്കുന്നതിനുള്ള മാർഗങ്ങൾ ആവിഷ്കരിക്കും. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ശേഷിയും കാര്യക്ഷമതയും വർദ്ധിപ്പിക്കുന്നതിന് പതിനാലാം പഞ്ചവൽസര പദ്ധതി സുപ്രധാന പരിഗണന നൽകുമെന്നും മന്ത്രി വ്യക്തമാക്കി.

# ലോക ക്ഷീര ദിനാഘോഷം: സംസ്ഥാനതല ഉദ്ഘാടനം ജൂൺ ഒന്നിന്

ലോക ക്ഷീരദിനാഘോഷത്തിന്റെയും ക്ഷീര വാരാചരണത്തിന്റെയും സംസ്ഥാനതല ഉദ്ഘാടനം ജൂൺ ഒന്നിന് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. വൈകിട്ട് മൂന്നിന് വെള്ളാർ ക്രാഫ്റ്റ് വില്ലേജിലാണു ചടങ്ങ്. മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി അധ്യക്ഷത വഹിക്കും. ക്ഷീര ദിനാഘോഷത്തിന്റെ ഭാഗമായി സംഘടിപ്പിക്കുന്ന ക്ഷീരവാരോഘോഷത്തിനും ജൂൺ ഒന്നിനു തുടക്കമാകും.

സംസ്ഥാനതല ആഘോഷങ്ങളുടെ ഭാഗമായി കേരളത്തിലെ ക്ഷീര സംഘങ്ങളിലും ക്ഷീരവികസന വകുപ്പിനു കീഴിലുള്ള വിവിധ ഓഫിസുകളിലും ക്ഷീരദിന പതാക ഉയർത്തും. ജൂൺ രണ്ടിന് ക്ഷീരസംഘം ജീവനക്കാരുടെ തിരിച്ചറിയൽ കാർഡ് വിതരണം, മൂന്നിന് ക്ഷീര മേഖലയിൽ ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ ആരംഭിക്കുന്നതിന്റെ സംസ്ഥാനതല ഉദ്ഘാടനം, നാലിന് കോട്ടയം കടുത്തുരുത്തി വാലാച്ചിറ ക്ഷീര സംഘത്തിലെ ഹൈജീനിക് മിൽക് കളക്ഷൻ റൂം ഉദ്ഘാടനം, അഞ്ചിന് ആലപ്പുഴ ഭരണിക്കാവ് താമരക്കുളം ക്ഷീര സംഘത്തിന്റെ കാലിത്തീറ്റ ഗോഡൗൺ ഉദ്ഘാടനം, ആറിന് പാലക്കാട് കൊല്ലംകോട് മുതലമട ഈസ്റ്റ് ക്ഷീര സംഘത്തിലെ 50 കെവി സോളാർ പവർ പ്ലാന്റ്, ആലത്തൂർ മണിയിൽപറമ്പ് ക്ഷീര സംഘത്തിലെ വൈക്കോൽ ബെയിലിങ് യൂണിറ്റ് എന്നിവയുടെ ഉദ്ഘാടനം, ഏഴിന് തൃശൂർ ഒല്ലൂക്കരയിൽ സംസ്ഥാനതല തീറ്റപ്പുൽകൃഷി ദിനാചരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം എന്നിവയും സംഘടിപ്പിച്ചിട്ടുണ്ട്.

# ഹണി ട്രാപ്പ് മോഡൽ കവർച്ച: പ്രതികൾ പിടിയിൽ

കോഴിക്കോട്: സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിൽ അക്കൗണ്ടുകൾ നിർമ്മിച്ച് ഹണി ട്രാപ്പിലൂടെ സൗകര്യപ്രദമായ സ്ഥലത്തേക്ക് വിളിച്ചുവരുത്തി പണവും മൊബൈൽ ഫോണും മറ്റു വിലപിടിച്ച വസ്തുക്കളും കവർന്ന സംഘം ടൗൺ പൊലീസിന്റെ പിടിയിലായി. റയിൽവേ സ്റ്റേഷനു സമീപം ആനിഹാൾ റോഡിൽവച്ച് കാസർഗോഡ് സ്വദേശിയുടെ പണവും മൊബൈൽ ഫോണും കവർന്ന അരീക്കാട് പുഴക്കൽ വീട്ടിൽ അനീഷ പി, നല്ലളം ഹസ്സൻഭായ് വില്ലയിൽ ഷംജാദ് പി എം എന്നിവരാണ് ടൗൺ പൊലീസിന്റെ പിടിയിലായത്. ഇൻസ്റ്റഗ്രാം വഴി പരിചയപ്പെട്ട കാസർഗോഡ് ചന്ദ്രഗിരി സ്വദേശിയായ യുവാവിനെ യുവതി കാണാൻ എന്നും പറഞ്ഞ് കോഴിക്കോട്ടേക്ക് വിളിച്ചുവരുത്തുകയായിരുന്നു. കോഴിക്കോടെത്തിയ യുവാവിനെ പ്രതികൾ ആനിഹാൾ റോഡിലെ ആളൊഴിഞ്ഞ സ്ഥലത്തു കൊണ്ടുപോയി മർദ്ദിച്ച് കവർച്ച നടത്തുകയായിരുന്നു. സമാനമായ സംഭവങ്ങൾ പലതും ഉണ്ടാവാറുണ്ടെങ്കിലും മാനഹാനി ഭയന്ന് ആരും പൊലീസിൽ പരാതിപ്പെടാറില്ല. മെഡിക്കൽ കോളജ് പൊലീസ് രജിസ്റ്റർ ചെയ്ത എൻഡിപിഎസ് കേസിൽ പ്രതികൾ ഈയിടെയാണ് ജാമ്യത്തിൽ ഇറങ്ങിയത്. ടൗൺ പൊലീസ് സ്റ്റേഷനിൽ വച്ച് ഇൻസ്പെക്ടർമാരായ ജയശ്രീ എസ്, അനിൽകുമാർ, സീനിയർ പൊലീസ് ഓഫീസർമാരായ സജേഷ് കുമാർ, ഉദയകുമാർ, സിവിൽ പൊലീസ് ഓഫീസർമാരായ വിജേഷ്, ജിതേന്ദ്രൻ, സുജന എന്നിവരാണ് പ്രതികളെ തിരിച്ചറിഞ്ഞ് അറസ്റ്റ് ചെയ്തത്.

# പൊലീസ് സ്റ്റേഷൻ ആക്രമണത്തിലെ പ്രതിയെ കൊലപ്പെടുത്തിയെന്ന് ആരോപണം

ഗുവാഹട്ടി: അസം പൊലീസ് സ്റ്റേഷൻ ആക്രമിച്ച കേസിലെ പ്രധാന പ്രതി വാഹനാപകടത്തിൽ മരിച്ചതായി പൊലീസ്. അസമിൽ കഴിഞ്ഞ ആഴ്ച പൊലീസ് സ്റ്റേഷൻ അഗ്നിക്കിരയാക്കിയ കേസിലെ പ്രതി ആഷിഖുൽ ഇസ്ലാമാണ് മരിച്ചത്. പൊലീസ് വാഹനത്തിൽ നിന്ന് ചാടി രക്ഷപ്പെടാൻ ശ്രമിക്കവെ ഇയാളെ മറ്റൊരു വാഹനം ഇടിക്കുകയായിരുന്നു എന്ന് പൊലീസ് അറിയിച്ചു. അപകടത്തിനു ശേഷം ഉടൻ ആശുപത്രിയിൽ എത്തിച്ചെങ്കിലും മരിച്ചിരുന്നു. ഇന്നലെയാണ് ആഷിഖുൽ അറസ്റ്റിലായത്. മേയ് 21നാണ് പൊലീസ് സ്റ്റേഷനു നേരെ ആക്രമണമുണ്ടായത്. അസമിലെ നഗോണിലുള്ള ബതദ്രവ പൊലീസ് സ്റ്റേഷനാണ് നാട്ടുകാർ അഗ്നിക്കിരയാക്കിയത്. കസ്റ്റഡി മരണമെന്ന ആരോപണമുയർത്തിയായിരുന്നു ആക്രമണം. എന്നാൽ ആരോപണം പൊലീസ് തള്ളി.

സൽനബാരിയിൽ നിന്ന് മത്സ്യത്തൊഴിലാളിയായ ഷഫീഖുൽ ഇസ്ലാമിനെ പൊലീസ് അറസ്റ്റ് ചെയ്തിരുന്നു. പൊലീസ് ഇയാളോട് 10, 000 രൂപ കൈക്കൂലി ആവശ്യപ്പെട്ടു എന്നും അത് നൽകാനില്ലാത്തതിനാൽ ഇയാളെ കസ്റ്റഡിയിൽ വച്ച് കൊന്നുകളയുകയായിരുന്നു എന്നുമാണ് ആൾക്കൂട്ടത്തിന്റെ ആരോപണം. ഷഫീഖുൽ ഇസ്ലാമിനെ കാണാൻ സ്റ്റേഷനിലെത്തിയപ്പോൾ ഇയാൾക്ക് സുഖമില്ലെന്നും ആശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കുകയാണെന്നും പൊലീസ് അറിയിച്ചതായി കുടുംബം പറഞ്ഞു. ആശുപത്രിയിലെത്തിയപ്പോൾ ഷഫീഖ് മരണപ്പെട്ടിരുന്നു എന്നും ശരീരം മോർച്ചറിയിൽ സൂക്ഷിച്ചിരിക്കുകയായിരുന്നു എന്നും ഇവർ പറഞ്ഞു.

# വെറ്ററിനറി ഡോക്ടർ

തിരുവനന്തപുരം ജില്ലയിൽ വിവിധ ബ്ലോക്കുകളിൽ രാത്രികാല അടിയന്തിര മൃഗചികിത്സാ സേവനം പദ്ധതിയുടെ ഭാഗമായി വെറ്ററിനറി സർജൻമാരെ താത്കാലികാടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുന്നതിനായി ഇന്ന് (മെയ് 31) രാവിലെ 11 ന് വെറ്ററിനറി സർജൻമാരുടെ വാക് ഇൻ ഇന്റർവ്യൂ തമ്പാനൂർ എസ്.എസ് കോവിൽ റോഡിലെ ജില്ലാ മൃഗസംരക്ഷണ ഓഫീസിൽ നടത്തും. കേരള സ്റ്റേറ്റ് വെറ്ററിനറി കൗൺസിൽ (കെ.എസ്.വി.സി) രജിസ്ട്രേഷനുള്ള ഉദ്യോഗാർഥികൾക്ക് പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾക്ക്: 0471 2330736.




ആയുർവേദ വെറ്ററിനറി മരുന്ന് നിർമ്മാണത്തിനുള്ള ലൈസൻസ് ക്ഷീരവികസന, മൃഗസംരക്ഷണ വകുപ്പ് മന്ത്രി ജെ.ചിഞ്ചുറാണിയിൽ നിന്ന് മിൽമ ചെയർമാൻ കെ.എസ്.മണിയും കേരള ആയുർവേദിക് കോഓപ്പറേറ്റീവ് സൊസൈറ്റി പ്രസിഡന്റ് ഡോ.സനിൽകുമാർ എം.എമ്മും ചേർന്ന് ഏറ്റുവാങ്ങുന്നു. എറണാകുളം മേഖല യൂണിയൻ ചെയർമാൻ ജോൺ തെരുവത്ത്, തിരുവനന്തപുരം മേഖല അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി കൺവീനർ എൻ.ഭാസുരാംഗൻ, ക്ഷീരവികസന വകുപ്പ് ഡയറക്ടർ വി.പി.സുരേഷ്കുമാർ തുടങ്ങിയവർ സമീപം

# കേരളം സമ്പൂർണ ഡിജിറ്റൽ സാക്ഷരത കൈവരിക്കണം: മന്ത്രി

സർക്കാർ സംവിധാനങ്ങളും സേവനങ്ങളും പൂർണമായി ഓൺലൈൻ വഴി ലഭ്യമാകുന്ന പശ്ചാത്തലത്തിൽ കേരളം സമ്പൂർണ ഡിജിറ്റൽ സാക്ഷരത കൈവരിക്കേണ്ടത് അനിവാര്യമാണെന്ന് മന്ത്രി എം. വി. ഗോവിന്ദൻ മാസ്റ്റർ പറഞ്ഞു. നഗര തദ്ദേശ സ്ഥാപനങ്ങളിൽ ഇഗവേണൻസ് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട ഇൻഫർമേഷൻ കേരള മിഷൻ സംഘടിപ്പിക്കുന്ന ദ്വിദിന ശില്പശാലയിൽ സംസാരിക്കുകയായിരുന്നു മന്ത്രി. സർക്കാർ സേവനങ്ങൾ വിരൽത്തുമ്പിൽ ലഭ്യമാകുന്ന കാലത്ത് ഓരോ പൗരനും അതിന്റെ ഗുണം ലഭിക്കണമെങ്കിൽ ഡിജിറ്റൽ സംവിധാനങ്ങൾ ഉപയോഗിക്കുന്നതിനുള്ള അറിവ് ലഭിക്കേണ്ടത് പ്രധാനമാണ്. ഇത് സാധ്യമാക്കുന്നതിനുള്ള പരിശീലനങ്ങൾ നടപ്പാക്കേണ്ടതുണ്ടെന്നും മന്ത്രി പറഞ്ഞു.

ഓരോ വിഭാഗം തദ്ദേശ സ്ഥാപനങ്ങൾക്കും സേവനങ്ങൾ ഏകീകൃതമായ രീതിയിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനുള്ള സോഫ്റ്റ്വെയറുകൾ രൂപപ്പെടുത്തേണ്ടത് അത്യാവശ്യമാണ്. ജൂലൈ മാസത്തോടെ ഇത് യാഥാർഥ്യമാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും മന്ത്രി കൂട്ടിച്ചേർത്തു.

ഇൻഫർമേഷൻ കേരള മിഷൻ ചീഫ് മിഷൻ ഡയറക്ടർ സന്തോഷ് ബാബു, നഗരകാര്യ വകുപ്പ് ഡയറക്ടർ അരുൺ കെ വിജയൻ, ഐടി മിഷൻ ഡയറക്ടർ സ്നേഹിൽ കുമാർ സിങ്, ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ഡി.സങ്കി, എൻ ഐ സി ഡയറക്ടർ പി വി മോഹന കൃഷ്ണൻ എന്നിവർ പങ്കെടുത്തു.

# ജീവൻ രക്ഷിക്കാൻ നീന്തൽ പരിശീലനകേന്ദ്രങ്ങൾ സഹായകമാകും: മുഖ്യമന്ത്രി

വെള്ളക്കെട്ടുകളിൽപ്പെടുന്നവരുടെ ജീവൻ സംരക്ഷിക്കുന്നതിനായി പോലീസ് സേനയെ പ്രാപ്തമാക്കാൻ നീന്തൽപരിശീലന കേന്ദ്രം സഹായിക്കുമെന്നു മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. പേരൂർക്കട എസ്.എ.പി ക്യാമ്പിൽ സജ്ജമാക്കിയ നീന്തൽപരിശീലന കേന്ദ്രത്തിന്റെയും മിയാവാക്കി വനവത്ക്കരണ പദ്ധതിയുടെയും ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം.

വിവിധ സാഹചര്യങ്ങളിൽ ജലാശയങ്ങളിൽപ്പെട്ടു പോകുന്നവരുടെ ജീവൻ രക്ഷിക്കുന്നതിനു പുറമെ വെള്ളത്തിലേക്ക് എടുത്തുചാടി രക്ഷപ്പെടാൻ ശ്രമിക്കുന്ന കുറ്റവാളികളെ അനായാസം പിടികൂടുന്നതിനും നീന്തൽ പരിശീലന കേന്ദ്രം സഹായകമാകും. പോലീസ് പരിശീലന കാലയളവിൽ നീന്തൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും തുടർ പരിശീലനം ലഭിക്കാത്തത് പ്രായോഗിക സാഹചര്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് തടസമാണ്. ഇതിനു പരിഹാരമാകാൻ ഈ സൗകര്യം ഉപകാരപ്പെടുമെന്നും മുഖ്യമന്ത്രി കൂട്ടിച്ചേർത്തു. പോലീസ് ഉദ്യോഗസ്ഥരുടെ ആരോഗ്യം സംരക്ഷിക്കുന്നതിനും നീന്തൽ ഫലപ്രദമാണ്. നിർമാണ പ്രവർത്തനങ്ങളിൽ ഉൾപ്പെടെ സഹകരിച്ചുകൊണ്ട് പരിശീലനകേന്ദ്രത്തിനായി പ്രവർത്തിച്ച പോലീസ് ഉദ്യോഗസ്ഥരെ മുഖ്യമന്ത്രി അഭിനന്ദിച്ചു. മിയാവാക്കി മാതൃകയിലുള്ള ബയോഫെൻസിങ് പദ്ധതിയുടെ ഉദ്ഘാടനം എ.എ.പി. കമാൻഡന്റ് ബി. അജിത് കുമാറിനു വൃക്ഷത്തൈ കൈമാറി മുഖ്യമന്ത്രി നിർവഹിച്ചു.

'ഡോൾഫിൻ സ്വാപ്പ്' എന്ന പേരിലാണ് എസ്.എ.പി. ക്യാംപിൽ നീന്തൽ പരിശീലന കേന്ദ്രം സ്ഥാപിച്ചിട്ടുള്ളത്. എല്ലാ വിഭാഗം പോലീസ് ഉദ്യോഗസ്ഥരുടെയും സഹകരണത്തോടെ നിർമിച്ച പരിശീലനകേന്ദ്രത്തിന് 1.25 കോടി രൂപയാണു ചെലവഴിച്ചത്. കോസ്റ്റ് ഫോർഡിന്റെയും ഡയറക്ടറേറ്റ് ഓഫ് സ്പോർട്സ് ആൻഡ് യൂത്ത് അഫയേഴ്സിന് കീഴിലുള്ള സ്പോർട്സ് എഞ്ചിനീയറിംഗ് വിങ്ങിന്റെയും സാങ്കേതിക സഹായത്തോടെയാണ് നിർമാണം പൂർത്തിയാക്കിയത്. പോലീസ് ഉദ്യോഗസ്ഥർക്കു നീന്തൽ പരിശീലനം നൽകുന്നതിനൊപ്പം തിരുവനന്തപുരം ജില്ലയിലെ സ്കൂൾ വിദ്യാർത്ഥികൾ, പൊതുജനങ്ങൾ എന്നിവർക്കും പരിശീലന കേന്ദ്രം ഉപയോഗിക്കാനാകും.

എസ്.എ.പി ഗ്രൗണ്ടിന്റെ ഒരു വശത്തായി ബയോഫെൻസിംഗ് മാതൃകയിലാണ് മിയാവാക്കി പദ്ധതി നടപ്പാക്കുന്നത്. ആകെ 250 ചതുരശ്ര മീറ്ററിലാണ് 1200 വൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ച് മിയാവാക്കി വനവത്ക്കരണ മാതൃക ആരംഭിക്കുന്നത്. പ്രകൃതി സംരക്ഷണത്തിലൂടെ അന്തരീക്ഷ മലിനീകരണം കുറയ്ക്കുന്നതിനും ശുദ്ധവായു ലഭ്യത ഉറപ്പാക്കുന്നതിനുമുള്ള മികച്ച ഉദ്യമമാണിത്.

പരിശീലന കേന്ദ്രം നിർമിക്കുന്നതിനായി സാങ്കേതിക സഹകരണം നൽകിയ കോസ്റ്റ്ഫോർഡ് ജോയിന്റ് ഡയറക്ടർ പി.ബി. സാജൻ, സ്പോർട്സ് എഞ്ചിനീറിങ് വിഭാഗത്തിലെ അസിസ്റ്റന്റ് എൻജിനീയർ അൻവർ ഷാസലിം എന്നിവർക്കുള്ള പുരസ്കാരങ്ങൾ മുഖ്യമന്ത്രി വിതരണം ചെയ്തു.

പരിപാടിയിൽ വി.കെ. പ്രശാന്ത് എം.എൽ.എ. അധ്യക്ഷനായി. സംസ്ഥാന പോലീസ് മേധാവി അനിൽ കാന്ത്, എ.ഡി.ജി.പിമാരായ മനോജ് എബ്രഹാം, കെ. പത്മകുമാർ, ഡി.ഐ.ജി. രാജ്പാൽ മീണ എന്നിവർ പ്രസംഗിച്ചു.

## സ്റ്റേറ്റ് ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ ഇന്ന് ചുമതലയേൽക്കും

സ്റ്റേറ്റ് ഇലക്ട്രിസിറ്റി ഓംബുഡ്സ്മാനായി എ. ചന്ദ്രകുമാരൻ നായർ(എ.സി.കെ. നായർ) ഇന്നു(01 ജൂൺ) ചുമതലയേൽക്കും. രാവിലെ 10നു വെള്ളയമ്പലം സി.വി. രാമൻപിള്ള റോഡിലുള്ള കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മിഷൻ ഓഫിസിലെത്തിയാകും അദ്ദേഹം ചുമതലയേൽക്കുക.

## കവിത ഉണ്ണിത്താന് നിയമസഭാ സെക്രട്ടറിയുടെ ചുമതല

നിയമസഭാ സെക്രട്ടേറിയറ്റിലെ സ്പെഷ്യൽ സെക്രട്ടറി കവിത ഉണ്ണിത്താന് നിയമസഭാ സെക്രട്ടറിയുടെ പൂർണ അധിക ചുമതല നൽകി.

# പൊതുവിദ്യാഭ്യാസ വകുപ്പിൽ 312.88 കോടി രൂപയുടെ പദ്ധതികൾക്ക് അനുമതി

പൊതുവിദ്യാഭ്യാസ വകുപ്പിൽ 312.88 കോടി രൂപയുടെ വിവിധ പദ്ധതികൾക്കാണ് ഭരണാനുമതി നൽകിയതെന്ന് വിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടി വാർത്താസമ്മേളനത്തിൽ പറഞ്ഞു. സൗജന്യ സ്കൂൾ യൂണിഫോമിന് 140 കോടിയാണ് അനുവദിച്ചത്.

മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കായുള്ള സ്ഥാപനങ്ങൾക്കുള്ള ധനസഹായം 288 സ്കൂളുകൾക്ക് അനുവദിച്ചു. ഇഗവേണൻസിന് 15 കോടി രൂപ അനുവദിച്ചു. ഹയർ സെക്കന്ററി സ്കൂളുകളിലെ ലാബ് നവീകരണത്തിന് 10 കോടിയും ഹയർ സെക്കന്ററി സ്കൂളുകളിലെ ലാബ് ഉപകരണങ്ങൾ, ഫർണിച്ചർ, ലൈബ്രറി പുസ്തകങ്ങൾ എന്നിവയ്ക്ക് 9 കോടിയും കേരളാ സ്കൂൾ കലോത്സവത്തിന് 6.7 കോടിയും ഹയർ സെക്കന്ററി അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിന് 7.45 കോടിയും മോഡൽ ഇൻക്ലൂസീവ് സ്കൂൾ, പ്രത്യേക വൈകല്യമുള്ളവരെ ഉൾക്കൊള്ളുന്ന മാതൃകാ കേന്ദ്രങ്ങളായി തെരഞ്ഞെടുത്ത പൊതുവിദ്യാലയങ്ങളെ ശക്തിപ്പെടുത്തുന്നതിന് 5 കോടിയും വൊക്കേഷണൽ ഹയർ സെക്കന്ററിയുടെ പ്രവർത്തനങ്ങൾക്ക് 7 കോടിയും കുട്ടികളുടെ കായിക നിലവാരം മെച്ചപ്പെടുത്തുന്നതിന് 5 കോടിയും ഹയർ സെക്കന്ററി വിദ്യാർത്ഥി കേന്ദ്രീകൃത പരിപാടിക്ക് 7.75 കോടിയും ശ്രദ്ധ സർക്കാർ എയിഡഡ് സ്കൂളുകളിൽ 3 മുതൽ 10 വരെ ക്ലാസുകളിലെ കുട്ടികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിന് 1.8 കോടിയും സ്കൂൾ വിദ്യാഭ്യാസം ആധുനികവൽക്കരണത്തിന് 1.2 കോടിയും അധ്യാപക രക്ഷകർത്തൃ സമിതികൾക്കുള്ള പ്രോത്സാഹന സമ്മാനങ്ങൾക്കായി (പി.റ്റി.എ.) 90 ലക്ഷവും ഗ്രീൻ ഓഫീസ്, സ്മാർട്ട് ഓഫീസ് ഓഫീസുകളെ ഹരിതവൽക്കരിക്കൽ ഉദ്യാനങ്ങൾ മനോഹരമാക്കൽ മാലിന്യനിർമ്മാർജ്ജനം 50 ലക്ഷവും വായനയുടെ വസന്തം വായനാശീലം വളർത്തുന്നതിന് 50 ലക്ഷവും അനുവദിച്ചു.

സ്കൂൾ സോഷ്യൽ സർവ്വീസ് സ്കീമിന് 40 ലക്ഷം രൂപയാണ് അനുവദിച്ചത്. ഫോക്കസ് സ്കൂൾ പഠനനിലവാരം കുറഞ്ഞ സ്കൂളുകളിലെ നിലവാരം മെച്ചപ്പെടുത്തുന്നതിന് 40 ലക്ഷവും സ്പെഷ്യൽ സ്കൂളിലെ അധ്യാപകരുടെ ശേഷി വർദ്ധിപ്പിക്കുന്നതിനും സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും രണ്ട് കോടിയും ഹയർ സെക്കന്ററി ഡയറക്ടറേറ്റ്, റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസ് എന്നിവ നവീകരിക്കുന്നതിന് 1.20 കോടിയും അനുവദിച്ചു.

പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള വിവിധ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്കായി ആകെ 44 കോടി രൂപയും അനുവദിച്ചിട്ടുണ്ടെന്ന് മന്ത്രി പറഞ്ഞു.



ആസാദി കാ അമൃത് മഹോത്സവിന്റെ ഭാഗമായി കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഗുണഭോക്താക്കളുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി സംവദിക്കുന്നു

# കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഗുണഭോക്താക്കളുമായി പ്രധാനമന്ത്രി സംവദിച്ചു

ആസാദി കാ അമൃത് മഹോത്സവിന്റെ ഭാഗമായി കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഗുണഭോക്താക്കളുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി സംവദിച്ചു. ഹിമാചൽ പ്രദേശിൽ സംഘടിപ്പിച്ച ഗരീബ് കല്യാൺ സമ്മേളനത്തിൽവച്ചാണ് രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള ഗുണഭോക്താക്കളുമായി പ്രധാനമന്ത്രി ഓൺലൈനിൽ സംവദിച്ചത്. ഇതിന്റെ ഭാഗമായി കേരളത്തിൽ തിരുവനന്തപുരം അയ്യങ്കാളി ഹാളിൽ സംസ്ഥാനതലത്തിലും വിവിധ ജില്ലാ കേന്ദ്രങ്ങളിൽ ജില്ലാതലത്തിലും പരിപാടി സംഘടിപ്പിച്ചു.

ക്ഷേമ പദ്ധതികൾ, സദ്ഭരണം, പാവപ്പെട്ടവരുടെ ക്ഷേമം എന്നിവയിലൂടെ സർക്കാർ സംവിധാനത്തെക്കുറിച്ചുള്ള ജനങ്ങളുടെ കാഴ്ചപ്പാടുതന്നെ മാറ്റാൻ കഴിഞ്ഞതായി പ്രധാനമന്ത്രി പറഞ്ഞു. ഭവന പദ്ധതികൾ, സ്കോളർഷിപ്പുകൾ, പെൻഷൻ പദ്ധതികൾ തുടങ്ങിയവ സാങ്കേതികവിദ്യയുടെ സഹായത്തോടെ അഴിമതിരഹിതമായി ജനങ്ങളിലെത്തിക്കാനാണു സർക്കാർ ശ്രമിക്കുന്നത്. ആനുകൂല്യങ്ങൾ നേരിട്ടു നൽകുന്നതിലൂടെ ഇടനിലക്കാരെ ഒഴിവാക്കാനും ഇതുമായി ബന്ധപ്പെട്ട തെറ്റായ പ്രവണതകൾ അവസാനിപ്പിക്കാനും കഴിഞ്ഞു. രാജ്യത്തെ മിക്കവാറും കുടുംബങ്ങൾക്ക് ഏതെങ്കിലും ഒരു സർക്കാർ പദ്ധതിയുടെ പ്രയോജനം ഇന്നു ലഭിക്കുന്നുണ്ടെന്നും പ്രധാനമന്ത്രി കൂട്ടിച്ചേർത്തു. പ്രധാനമന്ത്രി കിസാൻ സമ്മാൻ നിധി പദ്ധതിയുടെ 11ാം ഗഡു സാമ്പത്തിക ആനുകൂല്യങ്ങളുടെ വിതരണോദ്ഘാടനവും അദ്ദേഹം നിർവഹിച്ചു. ഗുണഭോക്താക്കളായ 10 കോടിയിലധികം വരുന്ന കർഷക കുടുംബങ്ങൾക്ക് 21,000 കോടി രൂപയാണു കൈമാറുന്നത്. ഷിംലയിൽ നടന്ന ചടങ്ങിൽ ഹിമാചൽ പ്രദേശ് ഗവർണർ രാജേന്ദ്ര അർലേക്കർ, മുഖ്യമന്ത്രി ജയ് റാം താക്കൂർ, കേന്ദ്ര മന്ത്രി അനുരാഗ് സിംഗ് താക്കൂർ തുടങ്ങിയവർ പങ്കെടുത്തു.

കേന്ദ്രാവിഷ്കൃത പദ്ധതികൾ സംസ്ഥാന, പ്രാദേശിക വിഹിതം ചേർത്തു ഫലപ്രദമായി നടപ്പാക്കുന്ന സംസ്ഥാനമാണു കേരളമെന്നു തിരുവനന്തപുരത്തു സംഘടിപ്പിച്ച സംസ്ഥാനതല ചടങ്ങിൽ തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം.വി. ഗോവിന്ദൻ മാസ്റ്റർ പറഞ്ഞു. ക്ഷേമ പദ്ധതികൾ ഫലപ്രദമായി നടപ്പാക്കിയതിലൂടെ പാവപ്പെട്ടവർക്കു ഗുണമേ യുള്ള ജീവിതം ഉറപ്പാക്കാൻ കഴിഞ്ഞു. ഇക്കാര്യത്തിൽ കേരളം രാജ്യത്തിനു മാതൃകയാണ്. എല്ലാ മേഖലകളിലും സർവതലസ്പർശിയായ വികസനം കൈവരിച്ചു മുന്നേറാനുള്ള ശ്രമത്തിലാണു സർക്കാരെന്നും മന്ത്രി പറഞ്ഞു.

ചീഫ് സെക്രട്ടറി ഡോ. വി.പി. ജോയി, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. ഡി. സുരേഷ് കുമാർ, തദ്ദേശ സ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറി ശാരദ മുരളീധരൻ, പ്രിൻസിപ്പൽ സെക്രട്ടറി ഡോ. ഷർമിള മേരി ജോസഫ്, ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. രാജൻ ഖോബ്രഗഡെ, നാഷണൽ ഹെൽത്ത് മിഷൻ സംസ്ഥാന ഡയറക്ടർ ഡോ. രത്തൻ ഖേൽക്കർ, കുടുംബശ്രീ എക്സിക്യൂട്ടിവ് ഡയറക്ടർ പി.ഐ. ശ്രീവിദ്യ, കൃഷിവകുപ്പ് ഡയറക്ടർ ടി.വി. സുഭാഷ്, തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ഡി. ബാലമുരളി, നഗരകാര്യ ഡയറക്ടർ അരുൺ കെ. വിജയൻ, ജില്ലാ കളക്ടർ ഡോ. നവ്ജ്യോത് ഖോസ, ജില്ലാ വികസന കമ്മിഷണർ വിനയ് ഗോയൽ തുടങ്ങിയവർ പങ്കെടുത്തു.

# ഐഎസ്ആർഒ ചെയർമാൻ എസ് സോമനാഥിന് ടിഎംഎ മാനേജ്മെൻറ് ലീഡർഷിപ്പ് പുരസ്ക്കാരം

തിരുവനന്തപുരം: ട്രിവാൻഡ്രം മാനേജ്മെൻറ് അസോസിയേഷൻറെ 2022 ലെ ലീഡർഷിപ്പ് അവാർഡിന് ഐഎസ്ആർഒ ചെയർമാൻ എസ് സോമനാഥിനെ തെരഞ്ഞെടുത്തു. രാജ്യത്തിൻറെ ബഹിരാകാശ പദ്ധതികളിലെ സ്തുത്യർഹമായ സേവനവും ഭാവി പദ്ധതികളിലേക്കുള്ള മികച്ച നേതൃത്വവും കണക്കിലെടുത്താണ് അദ്ദേഹത്തെ പുരസ്ക്കാരത്തിനായി തെരഞ്ഞെടുത്തത്.

ടിഎംഎയുടെ മാനേജ്മെൻറ് കൺവെൻഷനായ ടിആർഐഎംഎ 2022 (ട്രൈമ 2022) യുടെ ഉദ്ഘാടന സമ്മേളനത്തിൽ ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ എസ് സോമനാഥിന് പുരസ്ക്കാരം സമ്മാനിക്കും. ജൂൺ പത്തിന് നഗരത്തിലെ ഓ ബൈ താമര ഹോട്ടലിലാണ് ചടങ്ങ്.

കേന്ദ്ര ബഹിരാകാശവകുപ്പിലെ സെക്രട്ടറി കൂടിയായ എസ് സോമനാഥ് തിരുവനന്തപുരത്തെ വിക്രം സാരാഭായി സ്പേസ് സെൻറർ, ലിക്വിഡ് പ്രൊപൽഷൻ സിസ്റ്റംസ് സെൻറർ എന്നിവയുടെ ഡയറക്ടറുമായിരുന്നു. ഐഎസ്ആർഒ ചെയർമാനെന്ന നിലയിൽ ഭാവി പദ്ധതികൾ ആസൂത്രണം ചെയ്യുകയും ചൊവ്വയിൽ മനുഷ്യവാസം സാധ്യമാകുമോയെന്ന അന്വേഷണത്തിൻറെ ചുക്കാൻ പിടിക്കുകയും ചെയ്യുന്നത് അദ്ദേഹമാണ്.

രാജ്യത്തിൻറെ ബഹിരാകാശരംഗത്തിന് ഉദാത്ത സംഭാവനകൾ നൽകുകയും ഭാവി പരിപാടികൾക്ക് സാമൂഹ്യപ്രതിബദ്ധതയിലൂന്നിയ പുത്തൻ ദിശാബോധം നൽകുകയും ചെയ്ത എസ് സോമനാഥിന് പുരസ്ക്കാരം സമർപ്പിക്കുന്നതിൽ അതിയായ സന്തോഷമുണ്ടെന്ന് ടിഎംഎ പ്രസിഡൻറ് രാജേഷ് ഝാ പറഞ്ഞു. അദ്ദേഹത്തിന് പുരസ്ക്കാരം നൽകുന്നതിലൂടെ അവാർഡിൻറെ തിളക്കം കൂടിയെന്നും അദ്ദേഹം പറഞ്ഞു.

കേരളത്തിൽ നിന്നുള്ള സ്റ്റാർട്ടപ്പായ എൽവിക്കോ ടെക്നോളജീസിനെ ടിഎംഎ അദാനി സ്റ്റാർട്ടപ്പ് പുരസ്ക്കാരത്തിന് തെരഞ്ഞെടുത്തു. കേരളത്തിലെ സ്റ്റാർട്ടപ്പ് അന്തരീക്ഷത്തിന് നൽകിയ സംഭാവനകൾ പരിഗണിച്ചാണ് പുരസ്ക്കാരം.

നൂതന സാങ്കേതികവിദ്യയുടെ സഹായത്തോടെ സമൂഹത്തിന് ഉതകുന്ന സംഭാവനകളാണ് എൽവിക്കോ ടെക്നോളജീസ് നൽകിയത്. പൊതു പാർക്കിംഗ് മാനേജ്മെൻറിനായുള്ള സാങ്കേതിക വിദ്യയാണ് ഇവർ വികസിപ്പിച്ചെടുത്തത്. വൻകിട കോർപറേറ്റുകളുടെ പാർക്കിംഗ് മാനേജ്മെൻറ് മികച്ച രീതിയിൽ ഇവർ നടത്തി വരുന്നു.

മികച്ച പ്രബന്ധാവതരണത്തിനുള്ള ടിഎംഎകിംസ് പുരസ്ക്കാരം സിഇടി സ്കൂൾ ഓഫ് മാനേജ്മെൻറിലെ അധീരെജ് ജെ ആർ നായർക്ക് ലഭിച്ചു. ട്രിവാൻഡ്രം മിഷൻ 2030 എന്നതായിരുന്നു അദ്ദേഹം അവതരിപ്പിച്ച പ്രബന്ധം. ഡിസി സ്കൂൾ ഓഫ് മാനേജ്മെൻറിലെ ആകാശ് എസ്, അജേഷ് വിഎസ്, സിഇടി സ്കൂൾ ഓഫ് മാനേജ്മെൻറിലെ ഉത്തര നായർ, രാഹുൽ എ എന്നിവർ രണ്ടാം സ്ഥാനത്തിന് അർഹരായി.

ന്യൂഡൽഹിയിലെ ഓൾ ഇന്ത്യ മാനേജ്മെൻറ് അസോസിയേഷനുമായി അഫിലിയേറ്റ് ചെയ്ത സംഘടനയായ ടിഎം എ 1986 മുതൽ മാനേജ്മെൻറ് പുരസ്ക്കാരം നൽകി വരുന്നു. നേതൃപാടവും, മാനേജ്മെൻറ് വൈദഗ്ധ്യം, സാമൂഹ്യപ്രതിബദ്ധത എന്നിവ കണക്കിലെടുത്താണ് ഓരോ വർഷവും പുരസ്ക്കാരത്തിനർഹരായവരെ തെരഞ്ഞെടുക്കുന്നത്.

# ജി.ഐ.എസ്, ജി.പി.എസ് പരിശീലന പരിപാടി

കൊല്ലം ചവറയിൽ പ്രവർത്തിക്കുന്ന ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആൻഡ് കൺസ്ട്രക്ഷനിലെ സ്ത്രീ ശാക്തീകരണ വിഭാഗത്തിൽ ജി.ഐ.എസ്/ജി.പി.എസ് പരിശീലന പരിപാടിയിൽ നാല് സീറ്റുകൾ ഒഴിവുണ്ട്. ബിടെക് സിവിൽ/ ഡിപ്ലോമ സിവിൽ/ സയൻസ് ബിരുദധാരികൾ/ ബി.എ ജ്യോഗ്രഫി എന്നിവയിലൊന്നിൽ അടിസ്ഥാന യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം.

കുടുംബത്തിന്റെ മൊത്ത വാർഷിക വരുമാനം അഞ്ചുലക്ഷത്തിൽ താഴെയുള്ളവർ (വരുമാന രേഖ), സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർ (ഋണ ട)/ പട്ടിക ജാതി/ പട്ടിക വർഗ/ ഒ.ബി.സി വിഭാഗത്തിൽ പെടുന്നവർ (വരുമാനം തെളിയിക്കുന്ന രേഖ സമ്പാദ്യം തെളിയിക്കുന്ന രേഖ എന്നിവ വേണം), കോവിഡ് മഹാമാരി നിമിത്തം ജോലി നഷ്ടപ്പെട്ട വിഭാഗത്തിലുള്ളവർ (ജോലി നഷ്ടപ്പെട്ടതിന്റെ തെളിവ് ഹാജരാക്കണം), ഒരു രക്ഷിതാവ് മാത്രമുള്ള അപേക്ഷക (തെളിയിക്കുന്ന രേഖ), ദിവ്യാങ്കരുടെ അമ്മ (തെളിയിക്കുന്ന രേഖ), വിധവ (തെളിയിക്കുന്ന രേഖ), ഒരു പെൺകുട്ടി മാത്രമുള്ള അമ്മമാർ എന്നിവർക്ക് അപേക്ഷിക്കാം.

തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാർഥിനികൾക്ക് ആറു മാസത്തേക്കുള്ള താമസം, പഠനം, ഭക്ഷണ സൗകര്യം എന്നിവ ഐ.ഐ.ഐ.സി ഒരുക്കും. ഒരു ലക്ഷത്തിനു മുകളിൽ ഫീസ് വരുന്ന കോഴ്സിന്റെ തൊണ്ണൂറു ശതമാനം ഫീസും സർക്കാർ അടയ്ക്കും. പതിനായിരത്തി മുപ്പതു രൂപയാണ് വിദ്യാർഥി അടയ്ക്കേണ്ടത്. താമസിച്ചു പഠിക്കാൻ ആഗ്രഹിക്കുന്നവർ ആകെ പതിനൊന്നായിരത്തി മുന്നൂറ്റി അമ്പതു രൂപയാണ് അടയ്ക്കേണ്ടി വരിക. വിവരങ്ങൾക്ക്: 8078980000. അസൽ രേഖകളും ഫീസുമായി 3ന് വൈകിട്ട് അഞ്ചു മണിക്ക് മുൻപ് സ്ഥാപനത്തിൽ നേരിട്ട് ഹാജരാകണം.



വിദേശതൊഴിലന്വേഷകർക്കായി വിദേശകാര്യമന്ത്രാലയം പ്രസിദ്ധീകരിച്ച ബോധവത്കരണ പുസ്തകത്തിന്റെ മലയാള പതിപ്പ് പ്രൊട്ടക്ടർ ജനറൽ ഓഫ് എമിഗ്രന്റ്സ് ബ്രഹ്മകുമാർ പ്രകാശനം ചെയ്യുന്നു

## വിദേശതൊഴിൽ ബോധവത്കരണം: മലയാള പതിപ്പ് പുറത്തിറക്കി

വിദേശ തൊഴിലന്വേഷകർക്കായി വിദേശകാര്യ മന്ത്രാലയം പ്രസിദ്ധീകരിച്ച ബോധവത്കരണ പ്രസിദ്ധീകരണത്തിന്റെ മലയാള പതിപ്പ് നോർക്ക റൂട്ട്സ് പുറത്തിറക്കി. പ്രൊട്ടക്ടർ ജനറൽ ഓഫ് എമിഗ്രന്റ്സ് ബ്രഹ്മകുമാർ പുസ്തകത്തിന്റ പ്രകാശനം നിർവഹിച്ചു. തൈക്കാട് നോർക്ക സെന്ററിൽ നടന്ന ചടങ്ങിൽ തിരുവനന്തപുരം പ്രൊട്ടക്ടർ ഓഫ് എമിഗ്രന്റും കൊച്ചി റീജണൽ പാസ്പോർട്ട് ഓഫീസറുമായ ടി.ആർ. മിഥുൻ, നോർക്ക റൂട്ട്സ് സി.ഇ.ഒ കെ. ഹരികൃഷ്ണൻ നമ്പൂതിരി, ജനറൽ മാനേജർ അജിത്ത് കോളശ്ശേരി, റിക്രൂട്ടിംഗ് മാനേജർ ടി.കെ. ശ്യാം, പി.ആർ.ഒ. നാഫി മുഹമ്മദ് എന്നിവർ

# സംസ്ഥാന സർക്കാരിന്റെ ഒന്നാം വാർഷികാഘോഷം 2ന് മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും

രണ്ടാം പിണറായി വിജയൻ സർക്കാരിന്റെ ഒന്നാം വാർഷികാഘോഷത്തിന്റെ സംസ്ഥാനതല സമാപനം ജൂൺ രണ്ടിന് തിരുവനന്തപുരത്ത് നടക്കും. നിശാഗന്ധി ഓഡിറ്റോറിയത്തിൽ വൈകിട്ട് 5ന് നടക്കുന്ന സമാപന സമ്മേളനം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. സർക്കാരിന്റെ പ്രോഗ്രസ് റിപ്പോർട്ട് മുഖ്യമന്ത്രി ചടങ്ങിൽ പ്രകാശനം ചെയ്യും. റവന്യു മന്ത്രി കെ. രാജൻ അധ്യക്ഷത വഹിക്കും. മന്ത്രിമാരായ റോഷി അഗസ്റ്റിൻ, കെ. കൃഷ്ണൻകുട്ടി, എ. കെ. ശശീന്ദ്രൻ, അഹമ്മദ് ദേവർകോവിൽ, ആന്റണിരാജു, വി. ശിവൻകുട്ടി, ജി. ആർ. അനിൽ, പ്രതിപക്ഷ നേതാവ് വി. ഡി. സതീശൻ, മേയർ ആര്യാ രാജേന്ദ്രൻ, എം. പിമാർ, എം. എൽ. എമാർ, മറ്റു ജനപ്രതിനിധികൾ തുടങ്ങിയവർ പങ്കെടുക്കും. ചീഫ് സെക്രട്ടറി ഡോ. വി.പി. ജോയ് സ്വാഗതം പറയുന്ന ചടങ്ങിൽ പൊതുഭരണം, ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കെ. ആർ. ജ്യോതിലാൽ നന്ദി പറയും. ഉദ്ഘാടന സമ്മേളനത്തിനു ശേഷം ഗോപിസുന്ദർ അവതരിപ്പിക്കുന്ന മാജിക്കൽ മ്യൂസിക്ക് നൈറ്റ് പരിപാടി അരങ്ങേറും.

# ബംഗാൾ എസ്എസ്സി അഴിമതി; രേഖകൾ പിടിച്ചെടുത്തു

കൊൽക്കത്ത: നിയമവിരുദ്ധമായി ആയിരത്തോളം അധ്യാപക അനധ്യാപക നിയമനങ്ങൾ നടത്തിയ കേസിൽ

ബംഗാൾ സ്കൂൾ സർവീസ് കമ്മിഷന്റെ (എസ്എസ്സി) ഓഫീസിൽ നിന്ന് സിബിഐ രേഖകൾ പിടിച്ചെടുത്തു.

തിങ്കളാഴ്ചയാണ് എസ്എസ്സി ഓഫീസിൽ പരിശോധന നടത്തിയത്. പരിശോധനയിൽ നിരവധി രേഖകളും ആളുകളുടെ നിയമനവുമായി ബന്ധപ്പെട്ട ഫയലുകളും ലഭിച്ചിട്ടുണ്ട്.

രേഖകൾ പരിശോധിച്ച ശേഷം മാത്രമേ കൂടുതൽ വിവരങ്ങൾ പുറത്തുവിടൂവെന്നും ഉദ്യോഗസ്ഥർ അറിയിച്ചു. അനധികൃത സാമ്പത്തിക ഇടപാടുകളെക്കുറിച്ച് എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റും അന്വേഷണം നടത്തുന്നുണ്ട്.

കേസിൽ കമ്മിഷൻ മുൻ അംഗങ്ങൾക്കെതിരെ സിബിഐ അന്വേഷണം നടത്തിവരികയാണ്. തൃണമൂൽ കോൺഗ്രസിന്റെ മുതിർന്ന നേതാവും വ്യവസായമന്ത്രിയുമായ പാർഥ ചാറ്റർജിയെ കേസിൽ സിബിഐ ചോദ്യം ചെയ്തിരുന്നു.

കൂടാതെ ബംഗാൾ വിദ്യാഭ്യാസമന്ത്രി പരേഷ് ചന്ദ്ര അധികാരിക്കും അഴിമതി2022ബയിൽ പങ്കുണ്ടെന്നാണ് ആരോപണം. നിയമനവിവാദം ആളിക്കത്തിയതോടെ ഹൈക്കോടതിയുടെ നിർദേശപ്രകാരമാണ് കമ്മിഷൻ ഓഫിസ് അടച്ചുപൂട്ടി സീൽ ചെയ്യാൻ ആവശ്യപ്പെട്ടത്. തെളിവ് നശിപ്പിക്കാൻ സാധ്യതയുണ്ടെന്ന പരാതിയെത്തുടർന്നായിരുന്നു ഹൈക്കോടതിയുടെ നിർദേശം.

നേരത്തെ ക്രമവിരുദ്ധമായി അധ്യാപകനിയമനം നേടിയ കേസിൽ പരേഷ് ചന്ദ്ര അധികാരിയുടെ മകൾ അങ്കിത അധികാരിയെ ഹൈക്കോടതി പിരിച്ചുവിട്ടിരുന്നു.

റാങ്ക് ലിസ്റ്റിൽ പിന്നിലായിരുന്ന അങ്കിതയുടെ നിയമനം ക്രമവിരുദ്ധമെന്നു ചൂണ്ടിക്കാട്ടി മറ്റൊരു ഉദ്യോഗാർത്ഥി കോടതിയെ സമീപിക്കുകയായിരുന്നു.

തുടർന്നാണ് സിബിഐ അന്വേഷണത്തിനു കോടതി ഉത്തരവിട്ടത്.

## ക്ഷീരസംഘം ജീവനക്കാരുടെ സംസ്ഥാന തല ഐഡികാർഡ് വിതരണോദ്ഘാടനം ജൂൺ രണ്ടിന്

ക്ഷീരമേഖലയുടെ നെടുംതൂണുകളായി പ്രവർത്തിക്കുന്ന ക്ഷീര സഹകരണ സംഘങ്ങളിലെ ജീവനക്കാർക്ക് ഐഡികാർഡ്, യൂണിഫോം വിതരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം ചടയമംഗലത്ത് ജൂൺ രണ്ടിന് മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ് മന്ത്രി കെ ചിഞ്ചു റാണി നിർവഹിക്കും .ചടയമംഗലം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ലതിക വിദ്യാധരന്റെ അധ്യക്ഷയാകും.

ഉദ്ഘാടനത്തോടനുബന്ധിച്ച് ചടയമംഗലം ബ്ലോക്കിലെ 32 സംഘങ്ങളിലും സ്ഥിരം ജീവനക്കാർക്ക് ഐഡി കാർഡും എല്ലാ ജീവനക്കാർക്കും ഏകീകൃത യൂണിഫോം വിതരണം ചെയ്യും. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ: സാം.കെ. ഡാനിയൽ, ഇട്ടിവ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സി. അമൃത, ജനപ്രതിനിധികൾ വിവിധ രാഷ്ട്രീയകക്ഷി നേതാക്കൾ തുടങ്ങിയവർ പരിപാടിയിൽ പങ്കെടുക്കും



ആസാദി കാ അമൃത് മഹോത്സവിന്റെ ഭാഗമായി കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഗുണഭോക്താക്കളുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി സംവദിക്കുന്നതിന്റെ ഭാഗമായി സംഘടിപ്പിച്ച സംസ്ഥാനതല ചടങ്ങിൽ തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം.വി. ഗോവിന്ദൻ മാസ്റ്റർ സംസാരിക്കുന്നു

# അവധി ദിവസവും പ്രവർത്തിക്കും

കേരള ഫോക്‌ലോർ അക്കാദമിയുടെ ചിറക്കൽ ആസ്ഥാനത്ത് സ്ഥിതി ചെയ്യുന്ന മ്യൂസിയം ജൂൺ മുതൽ എല്ലാ അവധി ദിവസങ്ങളിലും രാവിലെ 10.30 മുതൽ വൈകിട്ട് നാലുവരെ പ്രവർത്തിക്കും. വിദ്യാർഥികൾക്ക് മ്യൂസിയം പ്രവേശനത്തിൽ നിലവിലുള്ള ഇളവ് തുടരും.

# ഏഷ്യ കപ്പ്: ഇന്ത്യ ഫൈനൽ കാണാതെ പുറത്ത്

ജക്കാർത്ത: ഏഷ്യ കപ്പ് പുരുഷ ഹോക്കിയിൽ ഫൈനൽ കാണാതെ ഇന്ത്യ പുറത്ത്. സൂപ്പർ ഫോറിലെ അവസാന മത്സരത്തിൽ ദക്ഷിണ കൊറിയയോട് (44) സമനിലയിൽ കുടുങ്ങിയ ഇന്ത്യ ഫൈനൽ കാണാതെ പുറത്തായി.

ഇതിനു മുന്പ് നടന്ന മത്സരത്തിൽ മലേഷ്യ 50ന് ജപ്പാനെ തോൽപ്പിച്ചു. ഇതോടെ ഫൈനലിൽ പ്രവേശിക്കണമെങ്കിൽ ഇന്ത്യക്ക് കൊറിയയോടു ജയിക്കണമെന്നായി. ഫൈനൽ ലക്ഷ്യംവച്ച് ആക്രമിച്ചു കളിച്ച ഇന്ത്യയെ കൊറിയ സമനിലയിൽ മെരുക്കി.

ബുധനാഴ്ച നടക്കുന്ന ഫൈനലിൽ മലേഷ്യയും ദക്ഷിണ കൊറിയയും ഏറ്റുമുട്ടും. മൂന്നാം സ്ഥാനക്കാർക്കായുള്ള പോരാട്ടത്തിൽ ഇന്ത്യ ജപ്പാനെ നേരിടും.

## കവിത ഉണ്ണിത്താന് നിയമസഭാ സെക്രട്ടറിയുടെ ചുമതല

നിയമസഭാ സെക്രട്ടേറിയറ്റിലെ സ്പെഷ്യൽ സെക്രട്ടറി കവിത ഉണ്ണിത്താന് നിയമസഭാ സെക്രട്ടറിയുടെ പൂർണ അധിക ചുമതല നൽകി.



നോർവീജിയൻ അംബാസഡർ ഹാൻസ് ജേക്കബ് ഫ്രിഡൻലന്റ് മുഖ്യമന്ത്രി പിണറായി വിജയനുമായി കൂടിക്കാഴ്ച നടത്തുന്നു

# വനസംരക്ഷണത്തിന് പി കെ കേശവൻ നൽകിയ സേവനങ്ങൾ മാതൃകാപരം: മന്ത്രി

വനസംരക്ഷണത്തിന് മുൻ വനം മേധാവി പി കെ കേശവൻ നൽകിയ സേവനങ്ങൾ മാതൃകാപരമാണെന്ന് വനം വന്യജീവി വകുപ്പ് മന്ത്രി എ കെ ശശീന്ദ്രൻ. വനാതിർത്തി ശാസ്ത്രീയമായി നിർണയിച്ച് ജണ്ടകെട്ടി കേരളത്തിലെ വനങ്ങൾ സംരക്ഷിക്കുന്നതിന് അദ്ദേഹം നടത്തിയ ദീർഘകാലപ്രവർത്തനങ്ങൾ വനം സംരക്ഷണപ്രവർത്തനങ്ങളിലെ ശ്രദ്ധേയമായ ഏടാണെന്നും അദ്ദേഹം പറഞ്ഞു. വനം വകുപ്പ് ആസ്ഥാനത്ത് മുഖ്യ വനംമേധാവിക്ക് നൽകിയ യാത്രയയപ്പ് ചടങ്ങിൽ ഓൺലൈനായി സംസാരിക്കുകയായിരുന്നു മന്ത്രി. വനംവകുപ്പിനെ ദീർഘകാലം നയിക്കുക മാത്രമല്ല ഒട്ടേറെ മികച്ച സംഭാവനകൾ നൽകി വകുപ്പിനെ കാലോചിതമാക്കിയ മേധാവിയായിരുന്നു പി കെ കേശവനെന്ന് ചടങ്ങിൽ മുഖ്യ പ്രഭാഷണം നടത്തിയ ചീഫ് സെക്രട്ടറി ഡോ വി പി ജോയി പറഞ്ഞു.

പരിസ്ഥിതി പുനസ്ഥാപനം എന്ന ലക്ഷ്യവുമായി കൂടുതൽ ആർജ്ജവത്തോടെ മുന്നോട്ട് പോകാൻ വനംവകുപ്പിന് കഴിയണമെന്ന് മറുപടി പസംഗത്തിൽ സ്ഥാനമൊഴിഞ്ഞ വനം മേധാവി പി കെ കേശവൻ പറഞ്ഞു.

ഇതേ ചടങ്ങിൽ വനംവകുപ്പ് ആസ്ഥാനത്ത് നിന്ന് വിരമിച്ച ആറു ജീവനക്കാർക്കും യാത്രയയപ്പ് നൽകി. വനം വകുപ്പ് മേധാവി ബെന്നിച്ചൻ തോമസ് അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ പിസിസിഎഫുമാരായ ഗംഗാസിംഗ്, ഡി ജയപ്രസാദ്,നോയൽ തോമസ്, എപിസിസിഎഫ് ഡോ പി പുകഴേന്തി , എ എ ശ്രീകല എം ബി, വിവിധ യൂണിയനുകളുടെ പ്രതിനിധികൾ, ഉദ്യോഗസ്ഥ പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

# നോർവേ അംബാസഡർ ഹാൻസ് ജേക്കബ് ഫ്രെയ്ഡൻലുൻഡുമായി മുഖ്യമന്ത്രി കൂടിക്കാഴ്ച നടത്തി

മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ത്യയിലെ നോർവേ അംബാസഡർ ഹാൻസ് ജേക്കബ് ഫ്രെയ്ഡൻലുൻഡുമായി കൂടിക്കാഴ്ച നടത്തി. സെക്രട്ടറിയേറ്റിലെ മുഖ്യമന്ത്രിയുടെ ചേമ്പറിലായിരുന്നു കൂടിക്കാഴ്ച.

കൃഷി, കാലാവസ്ഥാ വ്യതിയാനം, മത്സ്യബന്ധന മേഖല, ഊർജ്ജവും സുസ്ഥിര വികസനവും, സ്റ്റുഡന്റ് എക്സ്ചേഞ്ച് പ്രോഗ്രാം, ദുരന്തനിവാരണം തുടങ്ങിയ വിഷയങ്ങളിൽ നോർവ്വെയുമായി സഹകരിക്കുന്നതിനെക്കുറിച്ച് വിശദമായി ചർച്ച ചെയ്തു. കേരളത്തിലേക്ക് നോർവീജിയൻ നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനെക്കുറിച്ചും ചർച്ച ചെയ്തു. കേരളവുമായി വിവിധ മേഖലകളിൽ സഹകരണത്തിന് നല്ല സാധ്യതയുണ്ടെന്നും അത് ശക്തിപ്പെടുത്തുന്നതിനുള്ള ഇടപെടൽ നടത്താമെന്നും അദ്ദേഹം ഉറപ്പു നൽകി. നോർവ്വെയുമായി ചേർന്ന് പി പി പി വഴി വെസ്റ്റ് കോസ്റ്റ് കനാലിൽ ടൂറിസം പദ്ധതികൾ വിപുലീകരിക്കാനുള്ള സാധ്യതകളും ചർച്ചയിൽ ഉയർന്നു. ഉരുൾപൊട്ടൽ , മണ്ണിടിച്ചിൽ തുടങ്ങിയവ തടയുന്നതിനുള്ള സാങ്കേതിക വിദ്യകൾ നൽകാമെന്നും നോർവേ അംബാസഡർ അറിയിച്ചു.

നോർവെ അംബാസഡർ ഇന്നലെ കൊച്ചിൻ ഷിപ്യാർഡും പഴയ ഇൻഡോ നോർവീജിയൻ പദ്ധതിയുടെ ആസ്ഥാനത്ത് ഇന്ന് പ്രവർത്തിക്കുന്ന കേന്ദ്രസർക്കാർ സംഘടനയും സന്ദർശിച്ചു.

നീണ്ടകര താലൂക്ക് ആശുപത്രിയായി ഇപ്പോൾ പ്രവർത്തിക്കുന്ന നോർവീജിയൻകാർ സ്ഥാപിച്ച ഫൗണ്ടേഷൻ ആശുപത്രിയും അമ്പാസിഡർ സന്ദർശിച്ചു.

ഇന്തോ നോർവേ പദ്ധതിയുടെ ഭാഗമായി മുമ്പ് നിർമ്മിച്ച നീണ്ടകര ഫിഷിംഗ് ഹാർബറും സംഘം സന്ദർശിച്ചു. മത്സ്യത്തൊഴിലാളികളുമായും ബോട്ടുടമകളുമായും ചർച്ച നടത്തി. നോർവീജിയൻ സമൂഹത്തോടുള്ള കേരളീയരുടെ സ്നേഹം ഈ സന്ദർശനങ്ങളിലൂടെ നേരിട്ട് ബോധ്യപ്പെട്ടതിൽ അതീവ സന്തോഷമുണ്ടെന്ന് അംബാസഡർ മുഖ്യമന്ത്രിയെ അറിയിച്ചു. നോർവേ എംബസി ഉദ്യോഗസ്ഥരായ ക്രിസ്ത്യൻ വാൽഡസ് കാർട്ടർ, ഒലെ ഹേനസ്, ആശിഷ് അഗർവാൾ, ചീഫ് സെക്രട്ടറി ഡോ. വി പി ജോയ് , മുഖ്യമന്ത്രിയുടെ ചീഫ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. കെ എം അബ്രഹാം, ഡൽഹിയിലെ കേരളത്തിന്റെ ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി വേണു രാജാമണി എന്നിവർ കൂടിക്കാഴ്ചയിൽ പങ്കെടുത്തു.

# തൃക്കാക്കരയിലെ മികച്ച പോളിങ്ങ് എൽഡിഎഫിന് അനുകൂലമാവും: കോടിയേരി

തലശേരി : തൃക്കാക്കരയിലെ മികച്ച പോളിങ്ങ് എൽഡിഎഫിന് അനുകൂലമാവുമെന്ന് സിപിഐഎം സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണൻ.

കഴിഞ്ഞ തെരഞ്ഞെടുപ്പിൽ എൽഡിഎഫിന്റെ മുഴുവൻ വോട്ടും പോൾ ചെയ്തിരുന്നില്ല. ഇത്തവണ എല്ലാവരും പോളിങ്ങ് ബൂത്തിലെത്തും.

കതിരൂർ സർവീസ് സഹകരണ ബാങ്കിന്റെ 'മരക്കാന ടർഫ്' സി എച്ച് നഗറിൽ ഉദ്ഘാടനം ചെയ്തശേഷം മാധ്യമപ്രവർത്തകരോട് സംസാരിക്കുകയായിരുന്നു കോടിയേരി.

തെരഞ്ഞെടുപ്പിൽ പരാജയപ്പെടുമെന്ന് കാണുമ്പോൾ ഏത് നികൃഷ്ടമായ മാർഗവും യുഡിഎഫ് സ്വീകരിക്കുമെന്നതിന്റ ഒടുവിലത്തെ ഉദാഹരണമാണ് വ്യാജ അശ്ലീല വീഡിയോ തയാറാക്കി പ്രചരിപ്പിച്ചത്. തെരഞ്ഞെടുപ്പ് ചരിത്രത്തിൽ കേട്ടുകേൾവിയില്ലാത്ത കാര്യമാണിത്. വ്യാജ അശ്ലീല വീഡിയോ അപ്ലോഡ് ചെയ്ത ആളെ കണ്ടെത്തിയത് പോലെ ഇതിൽ ഉൾപ്പെട്ട മറ്റുള്ളവരെയും അറസ്റ്റ് ചെയ്യും.

ബിജെപിയും കോൺഗ്രസും തമ്മിൽ ചില ബന്ധങ്ങളുണ്ടെന്ന് നേരത്തെ തന്നെ ആരോപണം ഉയർന്നതാണെന്ന് കോടിയേരി പറഞ്ഞു. കൊൺഗ്രസ് സ്ഥാനാർഥി തന്നെ ബിജെപി തെരഞ്ഞെടുപ്പ് കമ്മിറ്റിഓഫീസിൽ പോവുന്ന സ്ഥിതിയുണ്ടായി.

എങ്ങനെയാവും ഇത് വോട്ടിങ്ങിൽ പ്രതിഫലിക്കുകയെന്നത് കണ്ടറിയേണ്ട കാര്യമാണെന്നും കോൺഗ്രസ് ബിജെപി ബന്ധത്തെക്കുറിച്ചുള്ള മാധ്യമപ്രവർത്തകരുടെ ചൊദ്യത്തിന് മറുപടിയായി കോടിയേരി പറഞ്ഞു. എ എൻ ഷംസീർ എംഎൽഎ, ജില്ലസെക്രട്ടറിയറ്റംഗം കാരായിരാജൻ, എം സി പവിത്രൻ, സി കെ രമേശൻ എന്നിവരും ഒപ്പമുണ്ടായി.

# മലിനീകരണം കുറയ്ക്കുന്ന ഹൈഡ്രജൻ വാഹനങ്ങൾ പ്രോത്സാഹിപ്പിക്കും: മന്ത്രി ആന്റണി രാജു

കാർബൺ ബഹിർഗമനം കുറഞ്ഞതും മലിനീകരണം പൂർണമായി ഇല്ലാതാക്കുന്നതുമായ ഹൈഡ്രജൻ വാഹനങ്ങൾ സർക്കാർ പ്രോത്സാഹിപ്പിക്കുമെന്നു ഗതാഗത മന്ത്രി ആന്റണി രാജു. നോർവെ എംബസി, ഇന്നൊവേഷൻ നോർവെ, ദി എനർജി ആന്റ് റിസോഴ്സ് ഇൻസ്റ്റിറ്റ്യൂട്ട് (ടി.ഇ.ആർ.ഐ) എന്നിവർ സംയുക്തമായി സംഘടിപ്പിച്ച ഗ്രീൻ ഹൈഡ്രജൻ, ഗ്രീൻ ഷിപ്പിംഗ് ആന്റ് ഇമൊബിലിറ്റി ശിൽപ്പശാല ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

കൊച്ചി മെട്രോ അനുബന്ധ സർവ്വീസിന് ഉപയോഗിക്കാൻ 10 ഹൈഡ്രജൻ ബസുകൾ വാങ്ങാനുള്ള തയ്യാറെടുപ്പിലാണ് ഗതാഗത വകുപ്പെന്നു മന്ത്രി പറഞ്ഞു. നോർവെ പോലുള്ള രാജ്യങ്ങൾ പുനരുപയോഗ ഊർജ്ജ മേഖലയിൽ നടത്തുന്ന പരീക്ഷണങ്ങളും പ്രവർത്തനങ്ങളും പ്രയോജനപ്പെടുത്തണം. ഇന്ത്യയിലെ ആദ്യത്തെ ഹൈഡ്രജൻ കാറായ ടൊയോട്ട മിറായ് രജിസ്റ്റർ ചെയ്ത് ഗതാഗത വകുപ്പിന് കീഴിലുള്ള ശ്രീ ചിത്തിര തിരുനാൾ കോളേജ് ഓഫ് എൻജീനിയറിങ്ങിലെ വിദ്യാർഥികൾക്ക് പഠനത്തിനു നൽകിയ കാര്യവും മന്ത്രി പരാമർശിച്ചു. വാഹനപ്പെരുപ്പം മൂലമുണ്ടാകുന്ന അന്തരീക്ഷ മലിനീകരണം ഒഴിവാക്കാൻ ഏറ്റവും മികച്ച മാർഗമാണ് ഇമൊബിലിറ്റി, പുനരുപയോഗ ഊർജ്ജമെന്നും അദ്ദേഹം പറഞ്ഞു.

2030ഓടെ ഇന്ത്യയ്ക്ക് ആവശ്യമായ ഊർജത്തിന്റെ 50 ശതമാനവും പുനരുപയോഗ സ്രോതസുകളിൽനിന്നു ലഭ്യമാക്കാനുള്ള പ്രയത്നത്തിലാണെന്ന് ടി.ഇ.ആർ.ഐ ഡയറക്ടർ ജനറൽ ഡോ. വീഭാ ധവാൻ പറഞ്ഞു. നോർവീജിയൻ അംബാസിഡർ ഹാൻസ് ജേക്കബ് ഫ്രിഡൻലന്റ്, ഇന്നൊവേഷൻ നോർവേ ആന്റ് ഇന്ത്യ കൺട്രി ഡയറക്ടർ ക്രിസ്റ്റ്യൻ വ്ളാഡ്സ് കാർട്ടർ, ഏഷ്യ ആൻഡ് മിഡിൽ ഈസ്റ്റ് ഇന്നൊവേഷൻ നോർവെ റീജണൽ ഡയറക്ടർ ഒലേ ഹെനസ്, പ്രിൻസിപ്പൽ സെക്രട്ടറി കെ. ആർ ജ്യോതിലാൽ, മറ്റ് ഉദ്യോഗസ്ഥർ തുടങ്ങിയവർ ശിൽപ്പശാലയിൽ പങ്കെടുത്തു.

## കമ്പ്യൂട്ടർ എൻജിനിയർ ഒഴിവ്

തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളജിൽ കമ്പ്യൂട്ടർ എൻജിനിയർ തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് അപേക്ഷ ക്ഷണിച്ചു. ഒരു ഒഴിവാണുള്ളത്. കമ്പ്യൂട്ടർ സയൻസ് ബി.ടെക്ക് അല്ലെങ്കിൽ എം.ടെക്ക് ആണ് യോഗ്യത. 45,000 രൂപയാണ് പ്രതിമാസ വേതനം. ഒരു വർഷത്തേക്കാണ് കരാർ. താത്പര്യമുള്ളവർ ജനനതീയതി, വിദ്യാഭ്യാസ യോഗ്യത, മുൻപരിചയം, മേൽവിലാസം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം 7 ന് വൈകിട്ട് 3 മണിക്ക് മുൻപ് തിരുവനന്തപുരം മെഡിക്കൽ കോളജ് പ്രിൻസിപ്പലിന്റെ കാര്യാലയത്തിൽ തപാൽ വഴിയോ, ഇമെയിലിലോ നേരിട്ടോ അപേക്ഷ നൽകണം.






ചെറുവയ്ക്കൽ ഗവ. യു.പി. സ്കൂളിൽ പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി സന്ദർശനം നടത്തുന്നു